# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2686

10/12/2014-ൽ മറുപടിക്ക്

## മരുന്ന വ്യാപാര രംഗത്തെ ചൂഷണം തടയാൻ നടപടി

ചോദ്യം

ശ്രീ.പി.തിലോത്തമൻ

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

എ) മരുന്ന വ്യാപാര രംഗത്ത് സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്ത രീതിയിൽ വൻവില വർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ കേരളത്തിൽ ആരോഗ്യമേഖല കൈവരിച്ചിരുന്ന അസൂയാവഹമായ നേട്ടങ്ങൾ നിലനിർത്തുന്നതിനും ആരോഗ്യസേവന രംഗം മെച്ചപ്പെടുത്തി ജീവൻരക്ഷാ മരുന്നുകൾ അടക്കമുള്ള ആരോഗ്യ സേവനങ്ങൾ സാധാരണക്കാരന് പ്രാപ്യമാക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന വ്യക്തമാക്കാമോ;

എ) രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിക്കുന്നതും നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (എൻ.പി.പി.എ) ആണ്. കേന്ദ്ര ആക്ടായ എസ്സൻഷ്യൽ കമോഡിറ്റീസ് ആക്ടിന്റെ കീഴിലുള്ള ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ എന്ന നിയമം വഴിയാണ് എൻ.പി.പി.എ വില നിയന്ത്രണം നടപ്പാക്കുന്നത്. മരുന്നിന്റെ പായ്ക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്ന പരമാവധി വിലയെക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നു വിൽക്കുവാൻ പാടില്ല എന്ന് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിയമം ലംഘിച്ച് അമിത വിലയ്ക്ക് മരുന്നുകൾ വിൽക്കുന്നുണ്ടോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം പരിശോധിക്കുകയും, നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാളും കൂടുതൽ വിലയ്ക്ക് മരുന്ന് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അതിന്റെ വിൽപ്പന സംസ്ഥാനത്ത് തടഞ്ഞ് വിവരം അനന്തര നടപടികൾക്കായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കാറുണ്ട്. സംസ്ഥാനത്ത് മരുന്നവില വർദ്ധന നിയന്ത്രിക്കുന്നതിനായി, സർക്കാർ മേഖലയിൽ മരുന്നുല്പാദിപ്പിക്കുന്ന, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി.) യുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇതനുസരിച്ച് 2014 ഒക്ടോബർ മാസം 28 ാം

തീയതി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. വ്യവസായ, ആരോഗ്യ വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി വിശദമായ ചർച്ച നടത്തുകയും പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഡി.പി. യുടെ ഉല്പാദനം വർദ്ധിപ്പിച്ച് ആരോഗ്യ വകുപ്പിന് ആവശ്യമുള്ള മരുന്നുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ഇതിനായി കെ.എസ്.ഡി.പി. യ്ക്ക് അടിയന്തിരമായി 5 കോടി രൂപ വ്യവസായവകുപ്പിന്റെ തനതു ഫണ്ടിൽ നിന്ന് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിന് വിതരണം ചെയ്യുന്ന മരുന്നുകളുടെ വില താമസം കൂടാതെ കെ.എസ്.ഡി.പി.യ്ക്ക് നൽകുവാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് മരുന്ന്, വില കറച്ച് ലഭ്യമാക്കുവാൻ കാരുണ്യ, മാവേലി, നീതി മെഡിക്കൽ ഷോപ്പുകൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ രോഗികൾക്ക് കമ്പോള വിലയേക്കാളും കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ സൗജന്യമായി ജനറിക് മെഡിസിനുകൾ സർക്കാർ ആശുപത്രികൾ വഴി വിതരണം ചെയ്തു വരുന്നുണ്ട്.

| | |
|---|---|
| ബി) മരുന്നു വ്യാപാര രംഗത്തെ ചൂഷണം തുടരുന്ന സാഹചര്യത്തിൽ കേരളത്തിലെ പൊതുമേഖലയിലുള്ള KSDP ആരോഗ്യ വകുപ്പ് ഏറ്റെടുക്കുന്നതിനും KSDP വഴി ഉല്പാദിപ്പിക്കുന്ന ഗുണനിലവാരമുള്ള മരുന്നുകൾ കേരളത്തിലെ സ്വകാര്യ ആശുപത്രികളിലടക്കം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ